**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3465** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിൽ റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തിന്റെ അപേക്ഷ ആലുവ തഹസിൽദാർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പഞ്ചായത്തിന്റെ അപേക്ഷയിൽ റവന്യൂ അധികൃതർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് 18/09/2023 ൽ കാഞ്ഞൂർ പഞ്ചായത്ത് ഫോറം നം 10 ൽ ആലുവ താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിലേക്ക്, കിഴക്കുംഭാഗം വില്ലേജ് ഓഫീസർ 23/09/2023 ൽ താലൂക്ക് ഓഫീസിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധരേഖകളും അതിർത്തി നിർണ്ണയത്തിനായി താലൂക്ക് ഹെഡ് സർവെയർക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത റോഡിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുവാൻ തീയതി തീരുമാനിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തിയാക്കുമോ; വ്യക്തമാക്കാമോ? | (ബി) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് 18/09/2023 ൽ കാഞ്ഞൂർ പഞ്ചായത്ത് ഫോറം നം 10 ൽ ആലുവ താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിലേക്ക്, കിഴക്കുംഭാഗം വില്ലേജ് ഓഫീസർ 23/09/2023 ൽ താലൂക്ക് ഓഫീസിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധരേഖകളും അതിർത്തി നിർണ്ണയത്തിനായി താലൂക്ക് ഹെഡ് സർവെയർക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത റോഡിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുവാൻ തീയതി തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ